(എ)-(സി) സാധുവൃദ്ധജനങ്ങളുടെ പുനരധിവാസം - പരിപാലനം - സംരക്ഷണം എന്നിവയ്ക്കായി സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് പതിമൂന്ന് ജില്ലകളിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ സൗകര്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്. ഇതിനു പുറമേ സന്നദ്ധ സംഘടനകൾ നടത്തുന്ന 82 അംഗീകൃത വൃദ്ധസദനങ്ങളിലെ 4920 അന്തേവാസികളുടെ സംരക്ഷണത്തിന് പ്രതിമാസം 100 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്.

8 (*128) "കാലവർഷക്കെടുതിക്കുള്ള ധനസഹായം"

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം കാലവർഷകെടുതികൾ മൂലം സംസ്ഥാനത്ത് എന്തൊക്കെ നാശനഷ്ടങ്ങൾ നേരിട്ടുവെന്ന് ജില്ല തിരിച്ചു വിശദമാക്കുമോ;

(ബി) കെടുതികൾ നേരിടുന്നതിനും ദുരന്തത്തിനിരയായവർക്ക് സഹായങ്ങൾ എത്തിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിവരിക്കുമോ?

(സി) നടപ്പുവർഷം കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തൊക്കെ സഹായങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മായിൽ) :

(എ) 22.6.1999 വരെയുള്ള കാലയളവിൽ കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് അനുബന്ധമായി വച്ചിരിക്കുന്നു.†

(ബി) മുൻകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭം ഉണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും, ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും, വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്കു ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും, ദുരിതാശ്വാസകേന്ദ്രങ്ങളായി ഉപയോഗിക്കുവാൻ പറ്റിയ പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ തുടങ്ങിയവ കണ്ടെത്തി സജ്ജീകരിക്കുവാനും, കടലാക്രമണം, ഉരുൾപൊട്ടൽ തുടങ്ങിയവ ഉണ്ടായാൽ ദുരിതമനുഭവിക്കുന്നവരെ മാറ്റിപാർപ്പിക്കുവാനും, ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുവാനും ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗതാഗതതടസ്സം വാർത്താവിനിമയ തടസ്സം തുടങ്ങിയവ ഉണ്ടായാൽ അവ പുനഃസ്ഥാപിക്കുന്നതുവരെ പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മരണമടയുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും, വീടിന് നാശനഷ്ടങ്ങൾ ഉണ്ടായവർക്കും മറ്റു തരത്തിൽ കാലവർഷക്കെടുതികൾ അനുഭവിക്കുന്നവർക്കും കാലതാമസം കൂടാതെ സഹായങ്ങൾ എത്തിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. കെടുതികൾ ഫലപ്രദമായി നേരിടുന്നതിനും ദുരിതത്തിനിരയായവർക്ക് സഹായങ്ങൾ എത്തിക്കുന്നതിനും എല്ലാ ജില്ലകൾക്കുമായി 6 കോടി രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ഗവൺമെന്റ് വിളിച്ചുകൂട്ടിയ 20.6.1999-ലെ ദുരിതാശ്വാസപ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകന യോഗത്തിൽവച്ച് ദുരിതാശ്വാസസഹായങ്ങൾ എത്തിക്കുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ നടപടികൾ കൈക്കൊള്ളുവാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

9 (*129) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഏതെല്ലാം സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ അനുയോജ്യരായ വിദഗ്ദ്ധരെ കണ്ടുപിടിച്ച് ഈ സ്ഥാപനങ്ങളുടെ ചുമതല ഏൽപ്പിക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തുമോ;

(ഇ) നഷ്ടത്തിൽ നടത്തുന്ന വ്യവസായങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ സാങ്കേതിക വിദഗ്ധന്മാരും ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ സർക്കാർ വിവിധങ്ങളായ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്. ബി.ഐ.എഫ്.ആർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുക, ചെറിയ തോതിൽ ഉള്ള മുതൽമുടക്കും പരിഷ്ക്കരിച്ച സാങ്കേതികവിദ്യയും കൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതി

LIBRARY ARCHIVES Kerala Legislative Assembly